# A

**16620** **120 MINUTES**

1. നാടൻപാട്ടുകളുടെ സവിശേഷതയായി പരിഗണിക്കാൻ പറ്റാത്ത ഘടകമേത്?
   A) ഭാഷയുടെ പഴക്കം B) ലളിതമായ പ്രതിപാദനം
   C) ഗാനാത്മകത D) ഭക്തിയുടെ തീവ്രത

2. ഈഴുവത്തുനാട്ടിൽ നിന്നും മുന്നൂറ്റി അറുപത്തിയെട്ട് കൊല്ലങ്ങൾക്കു മുൻപ് വന്നവരാണ് തങ്ങളുടെ കാരണവൻമാർ എന്ന് പറയുന്നവർ വടക്കൻ പാട്ടിലെ ഏത് കുടുംബക്കാരാണ്?
   A) പുത്തൂരം വീട് B) തച്ചോളി വീട്
   C) പാലാട്ട് വീട് D) ആറ്റുംമണമേൽ വീട്

3. നാടൻപാട്ടിന്റേയും മണിപ്രവാളത്തിന്റേയും പാട്ടുപ്രസ്ഥാനത്തിന്റേയും ഭാഷാപരമായ പ്രത്യേകതകൾ ഒത്തുചേരുന്ന കാവ്യമേത്?
   A) ഇരവിക്കുട്ടിപ്പിള്ള പോര് B) ചന്ദ്രോത്സവം
   C) കൃഷ്ണഗാഥ D) കോമപ്പൻ

4. രാമചരിത ഭാഷയ്ക്ക് കണ്ണശ്ശ ഭാഷയിൽ നിന്നുള്ള വ്യത്യാസം?
   A) തമിഴ് പ്രയോഗങ്ങൾ
   B) സംസ്കൃത സമസ്തപദങ്ങളുടെ അഭാവം
   C) നാടൻപ്രയോഗങ്ങളുടെ ആധിക്യം
   D) എതുകയുടെ പ്രയോഗം

5. തൃക്കണ്ണാമതിലകത്തിന്റെ മനോഹരമായ വർണ്ണനയുള്ള കാവ്യം?
   A) ഉണ്ണുനീലി സന്ദേശം B) കോക സന്ദേശം
   C) ശുക സന്ദേശം D) ചന്ദ്രോത്സവം

6. രചനാകാലം അനുസരിച്ച് ക്രമപ്പെടുത്തിയ ഉത്തരമേത്?
   A) വാസുദേവസ്തവം, രമണൻ, ചിന്താവിഷ്ടയായ സീത, പുത്തൻ കലവും അരിവാളും
   B) രമണൻ, പുത്തൻ കലവും അരിവാളും, ചിന്താവിഷ്ടയായ സീത, വാസുദേവസ്തവം
   C) വാസുദേവസ്തവം, ചിന്താവിഷ്ടയായ സീത, രമണൻ, പുത്തൻ കലവും അരിവാളും
   D) വാസുദേവസ്തവം, പുത്തൻ കലവും അരിവാളും, ചിന്താവിഷ്ടയായ സീത, രമണൻ

7. കിളിപ്പാട്ടു പ്രസ്ഥാനത്തിന്റെ ആഖ്യാന സമ്പ്രദായം
   A) കിളിയോടു കഥ പറയുന്നു
   B) കിളി സ്വയം കഥ പറയുന്നു
   C) കിളിയോട് കഥ പറയാൻ ആവശ്യപ്പെട്ട്, കിളി കഥ പറയുന്നു
   D) കിളിക്ക് വേണ്ടി കവി കഥ പറയുന്നു

8. പൂന്താനം കവിത ശ്രദ്ധേയമാകുന്നത്
   A) ഭക്തിയും ആദ്ധ്യാത്മിക തത്ത്വങ്ങളും പ്രൗഢിയോടെ അവതരിപ്പിക്കുന്നതു കൊണ്ട്
   B) ഭക്തിക്ക് ഉത്തേജകമാവും വിധത്തിൽ ആദ്ധ്യാത്മിക തത്ത്വങ്ങളെ സരളഭാഷയിൽ ആവിഷ്കരിക്കുന്നതു കൊണ്ട്
   C) ഭക്തിയെ അവഗണിച്ച് ആദ്ധ്യാത്മിക ആശയങ്ങൾ സരളമായി ആവിഷ്കരിക്കുന്നതു കൊണ്ട്
   D) കൃഷ്ണഭക്തിക്ക് പ്രാധാന്യം നല്കുന്നതു കൊണ്ട്

9. "മലയാളക്കര മുഴുവൻ പേരുകേട്ട ഈ മഹാകവിയുടെ ഒരൊറ്റ കൃതിയും അച്ചടിച്ചുകാണാൻ അദ്ദേഹത്തിന് യോഗമുണ്ടായിട്ടില്ല. എന്നിട്ടും അദ്ദേഹത്തിന്റെ ശ്ലോകങ്ങൾ ആളുകളുടെ നാവിൻതുമ്പത്ത് കളിയാടിയിരുന്നു". സി.പി.അച്യുതമേനോൻ വെണ്മണിപ്രസ്ഥാനത്തിൽപ്പെട്ട ഒരു കവിയുടെ ചരമത്തിൽ അനുശോചിച്ച് എഴുതിയതാണിത്. ആരാണ് ഈ കവി?
   A) ശീവൊള്ളി നമ്പൂതിരി    B) വെണ്മണി മഹൻ
   C) ഒറവങ്കര    D) നടുവത്തച്ഛൻ

10. 'കേരളപ്രാസം' എന്ന അപരനാമത്തിൽ അറിയപ്പെടുന്ന പ്രാസമേത്?
   A) ദ്വിതീയാക്ഷര പ്രാസം    B) അനു പ്രാസം
   C) ആദി പ്രാസം    D) അന്ത്യ പ്രാസം

11. പൂർവ്വകാല്പനികം (പ്രീ റൊമാന്റിക്) എന്ന് വിശേഷിപ്പിക്കാവുന്ന കൃതിയേത്?
   A) ലീല    B) പിംഗള
   C) കുടിയൊഴിക്കൽ    D) ഒരു വിലാപം

12. ആശാന്റെ നളിനീകാവ്യത്തിന്റെ പ്രമേയം ബ്രഹ്മസാക്ഷാൽക്കാരമാണെന്ന് വാദിച്ചിട്ടുള്ള നിരൂപകൻ?
   A) പി.കെ ബാലകൃഷ്ണൻ    B) ജോസഫ് മുണ്ടശ്ശേരി
   C) കെ.എം ദാനിയൽ    D) സുകുമാർ അഴിക്കോട്

13. ജി.ശങ്കരക്കുറുപ്പിന്റെ പ്രതീകാത്മക സ്വഭാവമില്ലാത്ത കവിത?
   A) അന്വേഷണം    B) കൂണുകൾ
   C) പാതി നേര് പാതി നുണ    D) ശ്വസിക്കുന്ന പട്ടട

14. രാധാകൃഷ്ണ പ്രണയം വിഷയമാക്കി ചങ്ങമ്പുഴ രചിച്ച കവിതകളുടെ സമാഹാരം?

A) മദിരോത്സവം B) വസന്തോത്സവം

C) ദേവത D) സ്വര രാഗ സുധ

15. മാധവൻ അയ്യപ്പത്തിന്റെ 'മണിയറ' കവിതകളുടെ ചരിത്ര പ്രാധാന്യം?

A) അവ റൊമാന്റിക് കവിതയെ തിരിച്ചുകൊണ്ടുവന്നു

B) കവിതയ്ക്ക് ആദ്ധ്യാത്മികമായ മുഖം നല്കി

C) ആവിഷ്ക്കരണപരമായ പ്രത്യേകതകൾ വഴി നവീനതയ്ക്കും തുടക്കം കുറിച്ചു

D) സാമൂഹ്യപ്രശ്നങ്ങൾക്ക് ഊന്നൽ നല്കി

16. നഷ്ടപ്പെട്ട മൂല്യം തിരിച്ചുപിടിക്കാനുള്ള ഒരു ജനതയുടെ ആഗ്രഹത്തിന്റെ മിത്തിക്കൽ ആവിഷ്കരണമായിത്തീർന്ന എൻ.എൻ.കക്കാടിന്റെ കവിതയാണ്?

A) നിശാമുഖം B) പാർക്കിൽ

C) തീർത്ഥാടനം D) വജ്രകുണ്ഡലം

17. "ശ്ലഥബിംബങ്ങളുടെ വൈരുദ്ധ്യാത്മകമായ നിബന്ധന ആന്തരശില്പത്തെ വിശ്ലഥമാക്കുന്നു" ഏത് ആധുനിക കവിയുടെ രചനകളെക്കുറിച്ചാണ് ഈ പരാമർശം?

A) ദേശമംഗലം രാമകൃഷ്ണൻ B) ഡി.വിനയചന്ദ്രൻ

C) എ.അയ്യപ്പൻ D) വി.മധുസൂദനൻ നായർ

18. 'എനിക്കസൂയ യാണു ഭയലിംഗിയോ-
ടതിനും സ്വസ്ഥത, സമാധാനം സുഖം' ആരുടെ കവിത?

A) റോസ്മേരി B) ആര്യാംബിക

C) വിജയലക്ഷ്മി D) വി.എം ഗിരിജ

19. 'ഇരുട്ട് പിഴിഞ്ഞു' ആരുടെ കവിതാസമാഹാരം?

A) പി.പി.രാമചന്ദ്രൻ B) സെബാസ്റ്റ്യൻ

C) അൻവർ അലി D) കെ.ആർ ടോണി

20. 'പുഴകളെപ്പറ്റി
ഭരണഘടനയിൽ പറയുന്നില്ല
അതുകൊണ്ട്
വഴങ്ങാത്ത ഒഴുക്കുള്ളവരെയും
അറിയാത്ത ആഴങ്ങളുള്ളവരെയും
എങ്ങനെയും കൊല്ലാം' ആരുടെ കവിത?

A) ടി.പി.രാജീവൻ B) പവിത്രൻ തീക്കുനി

C) അനിതാ തമ്പി D) സുഗതകുമാരി

21. നാടോടിക്കലകളുടെ മുഖ്യ സ്വഭാവം എന്ത്?

A) രൂപഭാവങ്ങളുടെ ലാളിത്യം
B) പരിശീലനത്തിലൂടെ മാത്രം നേടുന്ന ആസ്വാദനം
C) ആശയങ്ങളുടെ ഗാംഭീര്യം
D) രൂപപരമായ സങ്കീർണ്ണത

22. നാടൻ കലകളിലും ക്ലാസിക് കലകളിലും ഒരേപോലെ ഉപയോഗിക്കുന്ന വാദ്യോപകരണം?
A) മദ്ദളം B) ഇടക്ക C) ചെണ്ട D) മിഴാവ്

23. അനുഷ്ഠാനപ്രധാനമായ നാടോടി നാടകമേത്?
A) മുടിയേറ്റ് B) ചവിട്ടുനാടകം
C) പുറാട്ട് നാടകം D) കാക്കാരിശ്ശി നാടകം

24. കേരളത്തിന്റെ വടക്കൻ ഭാഗത്ത് പഴയകാലത്തു പ്രചാരത്തിലുണ്ടായിരുന്ന കലാരൂപം?
A) പാനക്കളി B) കോതാമ്മൂരി
C) മലമക്കളി D) കുത്തിയോട്ടം

25. ദൃശ്യകലകളിലെ വേഷഭൂഷാദികൾ ഏത് തരം അഭിനയത്തിൽപ്പെടുന്നു?
A) ആംഗികം B) ആഹാര്യം
C) വാചികം D) സാത്വികം

26. കഥകളിയിലെ അഭിനയം
A) ശബ്ദാർത്ഥ പ്രധാനമാണ് B) പദാർത്ഥ പ്രധാനമാണ്
C) വാക്യാർത്ഥ പ്രധാനമാണ് D) ഭാവാർത്ഥ പ്രധാനമാണ്

27. ക്ലാസിക്കൽകല
A) നാട്യ ധർമ്മിയാണ് B) ലോക ധർമ്മിയാണ്
C) മനോധർമ്മിയാണ് D) ക്ഷിപ്രാസ്വാദനക്ഷമമാണ്

28. നൃത്യവും നാട്യവും കഥകളിക്ക് എവിടുന്നാണ് കിട്ടിയത്?
A) നാടൻ നൃത്തത്തിൽ നിന്ന്
B) മുടിയേറ്റ്, തിറയാട്ടം തുടങ്ങിയവയിൽ നിന്ന്
C) അഷ്ടപദി സമ്പ്രദായത്തിന്റെ അനുകരണത്തിൽ നിന്ന്
D) കൂടിയാട്ടത്തിൽ നിന്ന്

29. പറയൻതുള്ളലിന് മാത്രമായിട്ടുള്ള വേഷവിധാനം?
A) മുഖത്തു തേപ്പും മിനുക്കും പാടില്ല
B) വെളുത്ത വസ്ത്രംകൊണ്ട് തലയിൽ ‘കൊണ്ട’കെട്ടും
C) മുഖത്തു പച്ച തേക്കും, കണ്ണും പുരികവും വാലുനീട്ടി എഴുതും
D) സർപ്പപ്പത്തി മുടി ഉപയോഗിക്കും

30. മലയാളത്തിലെ പഴഞ്ചൊല്ലുകൾക്കും ലോകോക്തികൾക്കും സ്ഥിരപ്രതിഷ്ഠ നല്കുകയും ഏറ്റവും അധികം ലോകോക്തികൾ കവിതയിൽ അവതരിപ്പിക്കുകയും ചെയ്ത കവി ആര്?

A) എഴുത്തച്ഛൻ B) ചെറുശ്ശേരി
C) കുഞ്ചൻ നമ്പ്യാർ D) വള്ളത്തോൾ

31. "കേരളത്തിലെ പ്രാചീന കലാരൂപങ്ങളിലൊന്നിലുംമലയാള നാടകത്തിന്റെ വേരുകൾ കണ്ടെത്താൻ കഴിയുകയില്ല. കേരളത്തെ സംബന്ധിച്ചിടത്തോളം നാടകം അന്യനാടുകളിൽ നിന്നും പറിച്ചു നടപ്പെട്ട ഒരു കലയാണ്". ഈ അഭിപ്രായം ആരുടേത്?

A) കാവാലം നാരായണപ്പണിക്കർ
B) സി. ജെ. തോമസ്
C) കാട്ടുമാടം നാരായണൻ
D) എൻ. എൻ. പിള്ള

32. മലയാളത്തിലെ പ്രഥമ സംഗീതനാടകമേത്?

A) സദാരാമ B) ജനോവ
C) സീതാലക്ഷ്മി D) മറിയാമ്മ നാടകം

33. പാശ്ചാത്യ നാടകകൃത്തായ ഇബ്സന്റെ നാടകരീതിയെ പിൻതുടർന്ന രണ്ട് നാടകങ്ങൾ തെരഞ്ഞെടുക്കുക?

A) പ്രേതലോകം, ക്രോസ്ബെൽറ്റ്
B) ഇതു ഭൂമിയാണ്, കറവറ്റ പശു
C) കന്യക, ബലാബലം
D) മൂലധനം, അശ്വമേധം

34. സാമൂഹ്യപരിഷ്കരണം ലക്ഷ്യമാക്കി എം.പി.ഭട്ടതിരിപ്പാട് രചിച്ച നാടകം?

A) അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക്
B) ഋതുമതി
C) മറയ്ക്കുടക്കുള്ളിലെ മഹാനരകം
D) അഗ്നിസാക്ഷി

35. താഴെക്കൊടുത്തിരിക്കുന്ന നാടകങ്ങളിൽ തനത് നാടകവിഭാഗത്തിൽ പെടാത്ത കൃതിയേത്?

A) സാക്ഷി B) അവനവൻ കടമ്പ
C) കലി D) മണൽക്കാട്

36. ഒരു സംഘം സ്ത്രീകൾ എഴുതി രംഗത്ത് അവതരിപ്പിച്ച നാടകമേത്?

A) അഹല്യ
B) സാവിത്രിക്കുട്ടി അഥവാ വിധവാ വിവാഹം
C) തൊഴിൽ കേന്ദ്രത്തിലേക്ക്
D) മാധവി വർമ്മ

37. രാഷ്ട്രപതിയുടെ സ്വർണ്ണമെഡൽ നേടിയ ആദ്യത്തെ മലയാള ചലച്ചിത്രമായ ചെമ്മീനിന്റെ സംവിധായകൻ ആര്?

A) വിൻസെന്റ് B) രാമു കാര്യാട്ട്

C) പി.ഭാസ്ക്കരൻ D) ആടൂർ ഗോപാലകൃഷ്ണൻ

38. ചലച്ചിത്രഭാഷയുടെ സാധ്യതകൾ കണ്ടെത്തുന്നു; സംഭാഷണത്തെ അപ്രസക്തമാക്കിക്കൊണ്ട്, വ്യക്തിയുടെ വൈകാരികതയിലേക്ക് പ്രകൃതിഭാവങ്ങളെ ഇരമ്പിക്കയറ്റുന്നു. കഥാപാത്രങ്ങളുടെ മനോനില മന:ശാസ്ത്രപരമായി അപഗ്രഥിക്കാനും അതിനെ ദൃശ്യഭാഷയുടെ ചടുലതയിലേക്ക് മാറ്റി പ്രതിഷ്ഠിക്കാനും ശ്രമിക്കുന്നു – സിനിമയുടെ തിരക്കഥയെക്കുറിച്ചുള്ള ഈ വിശേഷണങ്ങൾ ആർക്കാണ് കൂടുതൽ ചേരുന്നത്?

A) എസ്.എൽ പുരം സദാനന്ദൻ

B) പത്മരാജൻ

C) ശ്രീനിവാസൻ

D) എം.ടി.വാസുദേവൻ നായർ

39. 'ബഷീർ ദ മാൻ' എന്ന ഡോക്യുമെന്ററി സംവിധാനം ചെയ്തത് ആര്?

A) പുനലൂർ രാജൻ B) അരവിന്ദൻ

C) എം.എ.റഹ്മാൻ D) സണ്ണി ജോസഫ്

40. കെ.പി.കുമാരൻ സംവിധാനം ചെയ്ത പ്രശസ്തമായ ഹ്രസ്വചിത്രം ഏത്?

A) ദി റോക്ക് B) റിവേഴ്സ് ഓഫ് കേരള

C) ബ്രൗൺ ലാന്റ്സ്ക്കേപ്പ് D) കാനിബാൾസ്

41. കവിപ്രതിഭയെ കാരയിത്രി, ഭാവയാത്രി എന്ന് വിഭജിച്ച ആലങ്കാരികനാര്?

A) മമ്മടൻ B) രുദ്രടൻ

C) രാജശേഖരൻ D) ദണ്ഡി

42. കാവ്യത്തെ ജഗന്നാഥ പണ്ഡിതൻ നിർവ്വചിക്കുന്ന വാക്യമേത്?

A) ശബ്ദാർത്ഥൗ സഹിതൗ കാവ്യം

B) രമണീയാർത്ഥ പ്രതിപാദക: ശബ്ദ: കാവ്യം

C) യാ യത് സ്വഭാവ: കവി തദനുരൂപം കാവ്യം

D) കാവ്യം ഗ്രാഹ്യമലങ്കാരാത്

43. ഭാവകത്വം എന്ന ശബ്ദവ്യാപാരത്താൽ സാധാരണീകരണം സംഭവിക്കുകയും, ഭോജകത്വ വ്യാപാരത്താൽ സഹൃദയനുരസത്തെ ഭുജിക്കാൻ സാധിക്കുകയും ചെയ്യുന്നു എന്ന് വ്യാഖ്യാനിച്ച ആലങ്കാരികനാര്?

A) ശങ്കുകൻ B) ലോല്ലടൻ

C) അഭിനവഗുപ്തൻ D) ഭട്ടനായകൻ

44. രസം വ്യഞ്ജിക്കപ്പെടുകയല്ല അനുമിക്കപ്പെടുകയാണ് എന്ന് വാദിച്ച ആലങ്കാരികൻ ആര്?

A) വാമനൻ B) കുന്തകൻ

C) മഹിമ ഭട്ടൻ D) ദണ്ഡി

45. താഴെ പാരാമർശിക്കുന്ന ആലങ്കാരികന്മാർ ജീവിച്ച കാലം ക്രമപ്പെടുത്തിയ ഉത്തരം തെരഞ്ഞെടുക്കുക?

A) അഭിനവഗുപ്തൻ, ജഗന്നാഥ പണ്ഡിതർ, ഭാമഹൻ, വിശ്വനാഥ കവിരാജൻ

B) വിശ്വനാഥ കവിരാജൻ, ഭാമഹൻ, ജഗന്നാഥ പണ്ഡിതർ, അഭിനവഗുപ്തൻ

C) ജഗന്നാഥ പണ്ഡിതർ, ഭാമഹൻ, വിശ്വനാഥ കവിരാജൻ, അഭിനവഗുപ്തൻ

D) ഭാമഹൻ, അഭിനവഗുപ്തൻ, വിശ്വനാഥ കവിരാജൻ, ജഗന്നാഥ പണ്ഡിതർ

46. ‘ആവോളമീടാർന്നു വളർന്ന മഞ്ഞാ –
ലാപാണ്ഡുരദ്രീപെടുമന്തരീക്ഷം
പെരുത്ത പാച്ചോറ്റി മരങ്ങൾ പൂത്ത
പാർത്തട്ടിനൊക്കും പരിപാടി നേടീ’ അലങ്കാരം ഏത്?

A) ദൃഷ്ടാന്തം B) നിദർശന C) രൂപകം D) ഉല്ലേഖ

47. താഴെക്കൊടുത്തതിൽ അർദ്ധസമവൃത്തം ഏത്?

A) ശിഖരിണി B) ഉദ്ഗത C) വിയോഗിനി D) ആര്യ

48. ജീവിതകാലം ശരിയായി ക്രമപ്പെടുത്തിയ ഉത്തരം കണ്ടെത്തുക

A) ക്രോച്ചേ, ഹോരസ്, കോളറിഡ്ജ്, ഐ.എ റിച്ചാർഡ്സ്

B) ഹാരസ്, കോളറിഡ്ജ്, ക്രോച്ചേ, ഐ.എ റിച്ചാർഡ്സ്

C) ഹോരസ്, ക്രോച്ചേ, ഐ.എ റിച്ചാർഡ്സ്, കോളറിഡ്ജ്,

D) ഐ.എ റിച്ചാർഡ്സ്, കോളറിഡ്ജ്, ക്രോച്ചേ, ഹോരസ്

49. ടോൾസ്റ്റോയിയുടെ പ്രധാന സിദ്ധാന്തമാണ്

A) വൈയക്തികതാവാദം

B) അന്തർദർശനമാണ് ആവിഷ്കാരം എന്ന ആശയം

C) കല മതാത്മക വികാരത്തെ അഭിസംക്രമിപ്പിക്കുന്നു എന്ന വാദം

D) കവിത പ്രശാന്തതയിൽ അനുസ്മരിക്കുന്ന വികാരങ്ങളുടെ ആവിഷ്ക്കരണമാണ് എന്ന ആശയം

50. ‘എല്ലാ കലകളും അസാന്മാർഗ്ഗികമാണ്’ എന്ന് പ്രഖ്യാപിച്ച നിരൂപകൻ?

A) ടി.എസ് എലിയട്ട് B) ഓസ്ക്കാർ വൈൽഡ്

C) മാത്യു അർനോൾഡ് D) എഫ്.എൽ ലൂക്കോസ്

51. ‘മൗലികമായ ഒരു ബിംബം സൃഷ്ടിച്ചു എന്നതിന്റെ പേരിൽ മാത്രം ഒരുകവി നിലനില്ക്കുന്നു’ എന്ന് വാദിച്ച കവി?

A) ക്രോച്ചെ B) എഫ്.ആർ ലെവിസ്

C) എസ്രാ പൌണ്ട് D) സി ഡേ ലെവിസ്

52. ഏക കാലികവും സ്ഥലാശ്രിതവുമായ നിലയിൽ ഭാഷാപഠനം നടത്തിയ പാശ്ചാത്യ ഭാഷാശാസ്ത്രജ്ഞൻ ആര്?

A) സൊസൂർ B) ജാക്കോബ്സൺ

C) ദെറിദ D) ടൊഡറോവ്

53. സി.പി.അച്യുതമേനോനും, ചന്തുമേനോനും, സ്വദേശാഭിമാനി രാമകൃഷ്ണ പിള്ളയും ഒരു കാവ്യത്തെ ഒരേ സ്വരത്തിൽ സ്തുതിച്ചു. ഏതാണ് ആ കാവ്യം?

A) നളിനി B) ബന്ധനസ്ഥനായ അനിരുദ്ധൻ

C) മയൂര സന്ദേശം D) മലയ വിലാസം

54. വള്ളത്തോൾ പത്രാധിപരായ മാസിക ഏത്?

A) വിവേകോദയം B) മംഗളോദയം

C) ആത്മപോഷിണി D) വിദ്യാവിനോദിനി

55. ചിത്രകലാ നിരൂപണവും സാഹിത്യ നിരൂപണവും ഒരേപോലെ നിർവ്വഹിച്ച വിമർശകനാര്?

A) മുണ്ടശ്ശേരി B) എം.പി.പോൾ

C) കുറ്റിപ്പുഴ കൃഷ്ണപിള്ള D) കേസരി ബാലകൃഷ്ണപിള്ള

56. “തന്റെ സഹൃദയത്വത്തെ അഭ്യാസംകൊണ്ടും പരിചയംകൊണ്ടും വളർത്തിക്കൊണ്ടിരിക്കുന്ന ഒരാൾ തനിക്ക് തോന്നിയ അഭിപ്രായത്തിന്, തന്റെ സംസ്ക്കാര മണ്ഡലത്തോടടുത്ത ആളുകളെ കൂടുതൽ അനുനയിച്ചെടുക്കത്തക്കവണ്ണം സോപപത്തികവും സുന്ദരവുമായ രൂപം കൊടുത്തുവയ്ക്കുന്നതാണ് വാസ്തവത്തിൽ നിരൂപണം നിരൂപണമെന്ന് പറയുന്നത” ആരുടെ വാക്കുകൾ?

A) എസ്.ഗുപ്തൻ നായർ

B) കുട്ടിക്കൃഷ്ണമാരാർ

C) ഡോ.കെ.ഭാസ്ക്കരൻ നായർ

D) സുകുമാർ അഴിക്കോട്

57. ആധുനിക നിരൂപണാദർശം തെളിഞ്ഞുകാണപ്പെടുന്ന ഗ്രന്ഥം?

A) ക്ഷോഭിക്കുന്നവരുടെ സുവിശേഷം

B) ആധുനിക സാഹിത്യം

C) ദന്തഗോപുരം

D) അസ്വസ്ഥതയുടെ നിറഭേദങ്ങൾ

58. ‘ആധുനികതയുടെ ചുവന്ന വാൽ’ ആരെഴുതിയ നിരൂപണം?

A) കെ.പി.അപ്പൻ B) പ്രസന്നരാജൻ

C) നരേന്ദ്രപ്രസാദ് D) ബാലചന്ദ്രൻ വടക്കേടത്ത്

59. ‘പിതൃഘടികാരം’ ഏതുനോവലിനെ ആധാരമാക്കിയുള്ള പഠനമാണ്?

A) പിതാമഹൻ B) ദൈവമക്കൾ

C) ആൾക്കൂട്ടം D) ഖസാക്കിന്റെ ഇതിഹാസം

60. ‘ജിതേന്ദ്രൻ’ കേന്ദ്രകഥാപാത്രമായി വരുന്ന നോവൽ?

A) ആരാച്ചാർ B) മനുഷ്യന് ഒരാമുഖം

C) എൻമകജെ D) ഒതപ്പ്

61. പൂർവ്വപ്രകൃതിയിൽ നിന്നും ആന്തരമായും ബാഹ്യമായും ബഹുവിധങ്ങളായ വികാരങ്ങളോടുകൂടിയ പദനിഷ്പാദന സമ്പ്രദായം പ്രദർശിപ്പിക്കുന്ന ഭാഷകൾ ഏത് കക്ഷ്യയിൽപ്പെടുന്നു?

A) അപഗ്രഥന കക്ഷ്യ B) സംശ്ലിഷ്ട കക്ഷ്യ

C) വൈകൃത കക്ഷ്യ D) പ്രാകൃത കക്ഷ്യ

62. സെമറ്റിക് ഗോത്രത്തിൽ ഉൾപ്പെടുന്ന ഭാഷ

A) പേർഷ്യൻ B) സയാമീസ്

C) അർമേനിയൻ D) ഹീബ്രു

63. മലയാളത്തിലെ കമ്പിതസ്വനം ഏത്?

A) ഇ B) ഉ C) റ D) യ

64. വർത്സ്യനകാരവും ദന്ത്യനകാരവും ഉപസ്വനമാകുന്നത് ഏത് വർണ്ണ നിർണ്ണയോപാധിയുടെ അടിസ്ഥാനത്തിലാണ്?

A) ഉച്ചാരണ സാദൃശ്യം B) പരസ്പര പൂരകമായ വിതരണം

C) വിവരണ സൗകര്യം D) മിതത്വം

65. ആശ്രിത രൂപിമത്തിന് (Bound morpheme) ഉദാഹരണമേത്?

A) മല B) പ്രതി

C) അൻ D) അവിടെ

66. ‘യജമാനൻ’അർത്ഥപരിണാമത്തിന്റെ ഏത് വിഭാഗത്തിന് ഉദാഹരണമാണ്?

A) അർത്ഥവികാസം B) അർത്ഥസങ്കോചം

C) അർത്ഥോൽക്കർഷം D) അർത്ഥാപകർഷം

67. വാക്യങ്ങൾക്ക് ബാഹ്യഘടന കൂടാതെ ആന്തരമായ ഘടന കൂടിയുണ്ടെന്ന് വിശദീകരിച്ച ഭാഷാശാസ്ത്രജ്ഞൻ ആര്?

A) ബ്ലൂം ഫീൽഡ് B) നോം ചോംസ്കി

C) ഇ.എ.നിഡ D) ചാൾസ് ഹോക്കറ്റ്

68. വ്യക്തിഭാഷണം (Pavole) എന്ന ആശയം അവതരിപ്പിച്ച ഭാഷാശാസ്ത്രജ്ഞൻ?
   A) ലക്കാൻ B) ദറിദ C) ബാർത്ത് D) സൊസ്യൂർ

69. അവശിഷ്ടമേഖല (Relic area) എന്നതു ഭാഷാശാസ്ത്രത്തിലെ ഏത് വിഭാഗവുമായി ബന്ധപ്പെട്ടിരിക്കുന്നു?
   A) സ്വനവിജ്ഞാനീയം B) വാക്യവിജ്ഞാനീയം
   C) ഭാഷാഭേദപഠനം D) അർത്ഥവിജ്ഞാനീയം

70. കമ്പ്യൂട്ടർ വിവർത്തനത്തിൽ ഏത് മേഖലയിലുള്ള ഗ്രന്ഥങ്ങളാണ് ലളിതമായ വിവർത്തനത്തിന് സ്വീകരിക്കുവാൻ കഴിയുക?
   A) ശാസ്ത്ര ഗ്രന്ഥം B) കവിത
   C) നോവൽ D) ലഘൂപന്യാസം

71. "തമിഴ്ഭാഷ രൂപപ്പെടുന്നതിന് മുൻപു തന്നെ മലയാളം അതിൽ നിന്ന് വേർതിരിഞ്ഞു തുടങ്ങിയിട്ടുണ്ട്" ഇങ്ങനെ പറഞ്ഞ പണ്ഡിതൻ ആര്?
   A) ഇളംകുളം കുഞ്ഞൻപിള്ള B) വടക്കുംകൂർ രാജരാജവർമ്മ
   C) ഡോ.കാൾഡ്വൽ D) സി.എൽ.ആന്റണി

72. ആറ് നയങ്ങളിൽ ഒന്നായ അംഗഭംഗത്തിൽ കേരളപാണിനി നല്കുന്ന ഉദാഹരണമേത്?
   A) ന്റെ B) ക്ക് C) ഇ D) ആൻ

73. വർണ്ണങ്ങൾക്ക് ശ്വാസികൾ എന്നും, നാദികൾ എന്നും ഭേദം വരുത്തുന്ന ഉപാധി എന്ത്?
   A) അനുപ്രദാനം B) കരണവിഭ്രമം
   C) സംസർഗ്ഗം D) മാർഗ്ഗഭേദം

74. ലീലാതിലകത്തിന്റെ സന്ധിവിവരണത്തിൽ ഇന്നത്തെ സന്ധിനിയമത്തിന് യോജിക്കാത്ത സൂത്രം ഏത്?
   A) സമാസേ ചാ ഞാ ദീനാം
   B) മസ്യയഥാ യോഗം കാദിഷ്ഠ പഞ്ചമ:
   C) ലനയോ: കചപേഷു റ:
   D) ദുട്ഭ്യോർ ദ്വിത്വം ച

75. താഴെക്കൊടുക്കുന്ന പ്രസ്താവനകളിൽ നാമങ്ങൾക്ക് യോജിക്കുന്നത് ഏത്?
   A) വിവക്ഷ പോലെയും അർത്ഥയോജന പോലെയും ഉപര്യുപരി പ്രയോഗിക്കാം
   B) സ്ഫുടോച്ചാരണത്തിൽ വ്യഞ്ജനങ്ങൾക്ക് അവലംബമായി വരുന്നു
   C) മറ്റുപദങ്ങളുടെ അർത്ഥത്തെ ദ്യോതിപ്പിക്കുന്നു
   D) വിഭക്തി, ലിംഗം, വചനം എന്നീ പ്രത്യയങ്ങൾ സ്വീകരിക്കും

76. സ്വാമീകാരകത്തിന്റെ പ്രത്യയമേത്?

A) ആൽ  B) ക്കു, ഉ  C) ഇൽ  D) ഉടെ, ന്റെ

77. ചില ധാതുക്കളുടെ ഭാവിരൂപംതന്നെ ദുഷിച്ചുണ്ടായതാണ് പ്രത്യയം, എന്ന് എ.ആർ.രാജരാജവർമ്മ കരുതുന്നത് ഏത് ക്രിയാവിഭാഗത്തെ കുറിച്ചാണ്?

A) പ്രകാരം  B) അനുപ്രയോഗം

C) പ്രയോരുകം  D) നിഷേധം

78. താഴെക്കൊടുത്തിരിക്കുന്നവയിൽ കൃതികൃൽ പ്രത്യയത്തിനുള്ള ഉദാഹരണം ഏത്?

A) ആൻ  B) ഇൽ  C) മ  D) അണം

79. 'അപോദ്ധാരം' എന്ന് വൈയാകരണന്മാർ വ്യവഹരിക്കുന്ന പ്രക്രിയ എന്ത്?

A) കേവലധാതുവിനെ പ്രയോജക പ്രകൃതിയാക്കി മാറ്റുക

B) വാക്യങ്ങളെ അഴിച്ചു പ്രധാനമെന്നും അപ്രധാനമെന്നും പിരിക്കുക

C) സന്ധിക്കാൻ സാധിക്കാത്ത പദങ്ങൾക്ക് സന്ധി ചേർക്കുക

D) സമസ്തപദങ്ങളെ പിരിച്ചെഴുതുക

80. 'മലയാളനാട' സമാസമേത്?

A) ബഹുവ്രീഹി

B) കർമ്മധാരയൻ

C) അലുപ്തസമാസം

D) സംബന്ധികാതല്പുരുഷൻ

81. മലയാളത്തിൽ എഴുതപ്പെട്ട ഏറ്റവും പ്രാചീനമായ ചെപ്പേട് / ശാസനം ഏത്?

A) അവിട്ടത്തൂർ ശാസനം

B) കവിയൂർ ശാസനം

C) മാമ്പള്ളി ശാസനം

D) വാഴപ്പള്ളി ശാസനം

82. ഭാഷാ കൗടലീയത്തിലെ ഭാഷയുടെ സ്വഭാവം വ്യക്തമാക്കുന്ന പ്രസ്താവന ഏത്?

A) സംസ്കൃതാധിപത്യം നിലനിർത്തുന്നു

B) വാമൊഴി ഭാഷയിൽ എഴുതിയിരിക്കുന്നു

C) മലനാട്ടുതമിഴ് കൂടുതൽ സ്വതന്ത്ര ഭാഷയായി പരിണമിക്കുന്നതിന്റെ ലക്ഷണങ്ങൾ കാട്ടുന്നു

D) പാശ്ചാത്യ മിഷനറിമാരുടെ ഭാഷയെ അനുകരിക്കുന്നു

83. ആത്മകഥാ സാഹിത്യശാഖയിൽ ഉൾപ്പെടാത്ത കൃതി?

A) ഞാൻ  B) എതിർപ്പ്

C) കഴിഞ്ഞകാലം  D) ആൾക്കൂട്ടത്തിൽ തനിയെ

84. ‘രതിസാമ്രാജ്യം’ എന്ന വൈജ്ഞാനിക ഗ്രന്ഥത്തിന്റെ കർത്താവ്?
   A) വി.കെ.ദാമോദരൻ
   B) ആർ.ഈശ്വരൻ പിള്ള
   C) നാലപ്പാട്ട് നാരായണമേനോൻ
   D) പി.ടി.ഭാസ്ക്കരപ്പണിക്കർ

85. “മലയാളത്തിലെ പുലയരുടെ സങ്കടാവസ്ഥ ഓർത്ത് ഈ പുസ്തകം എഴുതാൻ ഇടവന്നതാണ്” എന്ന പ്രസ്താവനയോടെ പുറത്തുവന്ന ഗദ്യാഖ്യാന കൃതി ഏത്?
   A) സരസ്വതീവിജയം   B) പരിഷ്ക്കാരപ്പൊതി
   C) പറങ്ങോടീ പരിണയം   D) സുകുമാരി

86. അനന്തമുദ്രമോതിരത്തിന് ഇതിവൃത്ത പ്രാധാന്യമുള്ള നോവലേത്?
   A) മാർത്താണ്ഡവർമ്മ   B) ധർമ്മരാജ
   C) രാമരാജബഹദൂർ   D) പ്രേമാമൃതം

87. “ഒരു പുതിയ ജീവിതത്തിന്റെ സൃഷ്ടിക്ക് പ്രാരംഭമായിവേണ്ട സർവ്വെയിൽ ഇന്നത്തെ ജീവിതത്തിന്റെ സകലവശങ്ങളും ഒന്നൊഴിയാതെ ചിത്രീകരിക്കേണ്ടതാണെന്നുള്ള പരാജയ പ്രസ്ഥാനാദർശം പുരസ്കരിച്ചു. ഈ പ്രതിപാദനം സമ്പൂർണ്ണമായി ന്യായീകരിക്കാവുന്നതാണ” കേസരി ബാലകൃഷ്ണപിള്ളയുടെ ഈ അഭിപ്രായം എത് നോവലിനെക്കുറിച്ചാണ്?
   A) ശബ്ദങ്ങൾ   B) ബാല്യകാലസഖി
   C) രു തെരുവിന്റെ കഥ   D) തോട്ടിയുടെ മകൻ

88. “ഉണ്ണീരി മുത്തപ്പൻ ചന്തയ്ക്കു പോയി.
എഴരവെളുപ്പിനെണീറ്റ് കുളിച്ചു കുറിയിട്ട് കുടുമയിൽ
തെച്ചിപ്പൂ ചൂടി ഉണ്ണീരിക്കുട്ടി പുറപ്പാടൊരുങ്ങി” ഒരു നോവലിന്റെ തുടക്കം ഇങ്ങനെയാണ്. നോവൽ ഏത്?
   A) കണ്ണാടി   B) ഒരു തെരുവിന്റെ കഥ
   C) ദൈവത്തിന്റെ കണ്ണ്   D) തട്ടകം

89. രാഷ്ട്രീയമായ പ്രതിധ്വനികൾ ഇല്ലാത്ത നോവലേത്?
   A) ആരോഹണം   B) കേശവന്റെ വിലാപങ്ങൾ
   C) തലയോട്ട്   D) മരണ സർട്ടിഫിക്കറ്റ്

90. മരണത്തിന് മുന്നിൽ മൂല്യബോധം നഷ്ടപ്പെട്ട നിസ്സഹായനും പരാജിതനുമായ ആധുനിക മനുഷ്യന്റെ മുഖം അവതരിപ്പിക്കുന്ന നോവൽ?
   A) മയ്യഴിപ്പുഴയുടെതീരങ്ങളിൽ   B) വസൂരി
   C) സ്മാരകശിലകൾ   D) കൈമുദ്രകൾ

91. ‘എൻ മകജെ’ എന്ന നോവലിന്റെ പ്രമേയം?

A) വടക്കൻ കേരളാതിർത്തിയിലെ സാമൂഹ്യജീവിതം

B) ഒരു ഗ്രാമത്തിലെ കുടുംബജീവിതത്തിന്റെ പ്രതിസന്ധി

C) ശ്രീലങ്കൻ ജനതയുടെ സ്വാതന്ത്ര്യത്തിന് വേണ്ടിയുള്ള പോരാട്ടം

D) മനുഷ്യൻ സൃഷ്ടിക്കുന്ന പാരിസ്ഥിതിക ദുരന്തത്തിന്റെ ഭീഷണാവസ്ഥ

92. പതിനെട്ടാം കൂററുകാരുടെ പാരമ്പര്യവും പ്രാബല്യവും ഇതിവൃത്ത കേന്ദ്രമായിട്ടുള്ള നോവൽ?

A) നിരീശ്വരൻ B) മഞ്ഞവെയിൽ മരണങ്ങൾ

C) ഫ്രാൻസിസ് ഇട്ടിക്കോര D) തക്ഷൻകുന്ന് സ്വരൂപം

93. മരുമക്കത്തായ സമ്പ്രദായത്തെ പരോക്ഷമായി വിമർശിക്കുന്നതും വേങ്ങയിൽ കുഞ്ഞിരാമൻ നായനാർ രചിച്ചതുമായ ചെറുകഥ ഏത്?

A) ഒരു പൊട്ടബ്ഭാഗ്യം B) കല്യാണിക്കുട്ടി

C) കൂനിയുടെ ചികിത്സ D) കലികാലവൈഭവം

94. ഇ.വി.കൃഷ്ണപിള്ളയുടെ കഥകളുടെ പ്രത്യേകത?

A) പരിണാമഗുപ്തി കൃത്യമായി സ്വീകരിക്കുന്നു

B) ചരിത്രസംഭവങ്ങളെ ഐതീഹ്യത്തിന്റെ പരിവേഷം നല്കി വിഷ്കരിക്കുന്നു

C) കോടതി വ്യവഹാരങ്ങൾ ഇതിവൃത്തമാക്കുന്നു

D) ആഖ്യാനത്തിന്റെ നവത്വംകൊണ്ടും ഇതിവൃത്ത പരിചരണത്തിന്റെ അപൂർവ്വതകൊണ്ടും കഥയുടെ പരിവർത്തന ദശയെ സൂചിപ്പിക്കുന്നു

95. സാമ്പത്തിക സാമൂഹ്യ പ്രശ്നങ്ങളെ ലൈംഗികതയുമായി ബന്ധപ്പെടുത്തി കഥകൾ രചിച്ച കഥാകാരനാര്?

A) കാരൂർ നീലകണ്ഠപിള്ള B) തകഴി ശിവശങ്കരപ്പിള്ള

C) എസ്.കെ.പൊറ്റെക്കാട് D) പി.കേശവദേവ്

96. ഫാന്റസിയുടെ സാധ്യത പ്രയോജനപ്പെടുത്തി ബഷീർ എഴുതിയ കഥ ഏത്?

A) വിശ്വവിഖ്യാതമായ മൂക്ക് B) പൂനിലാവിൽ

C) ഉമ്മ D) ടൈഗർ

97. കാല്പനികമായ ഭാവുകത്വത്തിന് ചെറുകഥയിൽ പ്രാമുഖ്യം ഉറപ്പുവരുത്തിയ കഥാകൃത്തുക്കൾ?

A) എം.ടി.വാസുദേവൻ നായർ, ടി.പത്മനാഭൻ

B) മാധവിക്കുട്ടി, അഷിത

C) മുകുന്ദൻ, കാക്കനാടൻ

D) സക്കറിയ, എം.സുകുമാരൻ

98. ഗ്രേസിയുടെ പ്രശസ്തമായ കഥയാണ്

A) നിലാവ് അറിയുന്നു

B) വിസ്മയ ചിഹ്നങ്ങൾ

C) പടിയിറങ്ങിയ പാർവ്വതി

D) പച്ചയുടെ ആൽബം

99. ആധുനികരുടെ ആത്മനിഷ്ഠതയിൽ നിന്നും നവീനരുടെ ദാർശനികതയിൽ നിന്നും അകന്നു നില്ക്കുന്നു; അത്യന്തം വൈചിത്ര്യപൂർണ്ണമായ അഖ്യാനതന്ത്രങ്ങൾ സ്വീകരിക്കുന്നു – ഈ വിവരണം ആരുടെ കഥകൾക്കാണ് കൂടുതൽ യോജിക്കുന്നത്?

A) ടി.വി.കൊച്ചുബാവ B) അശോകൻ ചരുവിൽ

C) യു.പി.ജയരാജ് D) എം.രാജീവ്കുമാർ

100. 'ജാഗരൂക' ന്ന കഥ എഴുതിയത് ആര്?

A) ഷിഹാബുദീൻ പൊയ്തുംകടവ്

B) കെ.പി.രാമനുണ്ണി

C) എ.എസ്.പ്രിയ

D) എസ്.സിതാര

101. സംസ്ക്കാരമെന്നത് ഉന്നതമായ സാഹിത്യമാണ് എന്ന ധാരണ തിരുത്തി പകരം ജനകീയമായ സംസ്ക്കാരം വീണ്ടെടുക്കണം എന്ന് വാദിച്ച ബ്രിട്ടീഷ് ചിന്തകൻ ആര്?

A) റെയ്മണ്ട് വില്യംസ് B) റിച്ചാർഡ് ഹൊഗാർട്ട്

C) മാത്യു ആർനോൾഡ് D) എഫ്.ആർ.ലിവിസ്

102. "സംസ്ക്കാരം സവിശേഷമായ ജീവിതരീതിയാണ് ; അതു ജനതയുടേയും, കാലഘട്ടത്തിന്റേയും, വിഭാഗത്തിന്റേയും പൊതുവായുള്ള കാര്യമാണ്" എന്ന് നിർവ്വചിച്ചത് ആര്?

A) റെയ്മണ്ട് വില്യംസ് B) ജോന്നാഥൻ കള്ളർ

C) മാത്യു ആർനോൾഡ് D) സ്റ്റുവാർഡ് ഹാൾ

103. പ്രത്യയശാസ്ത്രം എന്ന സങ്കല്പനത്തെ നിഷേധിക്കുകയും തൽസ്ഥാനത്ത് വ്യവഹാരത്തെ പ്രതിഷ്ഠിക്കുകയും ചെയ്ത ചിന്തകൻ?

A) ഗ്രാംഷി B) സ്റ്റുവാർഡ് ഹാൾ

C) ടെറി ഈഗിൾട്ടൺ D) ഫൂക്കോ

104. "പ്രത്യയശാസ്ത്രം ഒരു അനുഗ്രഹമാണ്, പ്രതീക്ഷയാണ്, ഗൃഹാതുരത്വമാണ്. അല്ലാതെ യാഥാർത്ഥ്യത്തിന്റെ വിശദീകരണമല്ല" ഇങ്ങനെ പ്രഖ്യാപിച്ചത് ആര്?

A) അൽത്തൂസർ B) ഇമ്മാനുവൽ കാന്റ്

C) ലക്കാൻ D) കാൾ മാർക്സ്

105. ഹെജ്മണി അധിനിവേശം എന്ന ആശയത്തിന് പ്രാമുഖ്യം നല്കിയ ഇറ്റാലിയൻ ബുദ്ധിജീവി ആര്?

A) ഗ്രാംഷി B) ബാർത്ത്

C) ഫൂക്കോ D) ലക്കാൻ

106. ദളിത് സാഹിത്യപഠനത്തിന് സംഭാവനചെയ്ത എഴുത്തുകാരൻ?

A) കവിയൂർ മുരളി B) എം.ഗംഗാധരൻ

C) സി.ആർ.രാജഗോപാൽ D) കെ.കെ.കൊച്ച്

107. കേരളത്തിന്റെ ഭക്ഷ്യവിഭവമായ മരച്ചീനി ഏത് രാജ്യത്തു നിന്ന് കൊണ്ടുവന്നതാണ്?

A) പോർച്ചുഗൽ B) ബ്രസീൽ

C) ചൈന D) തായ്‌ലന്റ്

108. പുലപ്പേടി എന്ന ആചാരത്തിന് വിധേയമായ ജാതിവിഭാഗം ഏത്?

A) നമ്പൂതിരി B) നായർ

C) ഈഴവർ D) ഗണകൻ

109. മാമാങ്കത്തിന് സാമൂതിരിയെ കൊല്ലാൻ ചാവേറുകളെ അയക്കുന്ന നാട്ടുരാജാവ്?

A) കൊച്ചിരാജാവ് B) അമ്പലപ്പുഴരാജാവ്

C) വെള്ളാട്ടിരി D) നീലേശ്വരംരാജാവ്

110. ഓണാഘോഷത്തിന്റെ യഥാർത്ഥമായ ഉദ്ഭവം അസീറിയയിൽ നിന്നാണെന്ന് സ്ഥാപിക്കാൻ ശ്രമിക്കുന്ന പണ്ഡിതൻ?

A) ഇളംകുളം കുഞ്ഞൻപിള്ള B) ശൂരനാട് കുഞ്ഞൻപിള്ള

C) എൻ.വി.കൃഷ്ണവാര്യർ D) എം.ജി.എസ്.നാരായണൻ

111. രാമവർമ്മ കുലശേഖര രാജാവിന്റെ കാലത്ത് ജീവിച്ച പ്രശസ്ത കവി?

A) പുനം നമ്പൂതിരി B) മേല്പത്തൂർ

C) പ്രഭാകര മിത്രൻ D) വാസുദേവ ഭട്ടതിരി

112. കേരളത്തിലെ ബ്രാഹ്മണാധിപത്യ കാലത്തെ തിയോക്രാറ്റിക് ഫ്യൂഡലിസത്തിന്റെ കാലമായി വിശേഷിപ്പിച്ച ചരിത്രകാരൻ?

A) ഡോ.എ.അയ്യപ്പൻ B) കെ.വി.കൃഷ്ണയ്യർ

C) മാക്സ് വെബർ D) ഡോ.കെ.എൻ.ഗണേഷ്

113. കടലാസിൽ മഷിയിൽ മുക്കിയ പേനകൊണ്ട് എഴുതുന്നരീതി പ്രചരിപ്പിച്ച വിദേശികൾ ആര്?

A) പോർച്ചുഗീസുകാർ B) അറബികൾ

C) ഡച്ചുകാർ D) ഫ്രഞ്ചുകാർ

114. കച്ചവടാർത്ഥം ഇന്ത്യയിലെത്തി, കച്ചവടത്തിൽമാത്രം വ്യാപൃതരായ യൂറ്റോപ്യന്മാർ ആരായിരുന്നു?

A) പോർച്ചുഗീസുകാർ B) ഡച്ചുകാർ

C) ഡെൻമാർക്കുകാർ D) ഫ്രഞ്ചുകാർ

115. മലബാർപ്രദേശത്തു വിദ്യാഭ്യാസപ്രവർത്തനങ്ങളിലും മതപ്രചാരണത്തിലും മുൻകൈ എടുത്ത ക്രിസ്റ്റ്യൻ മിഷനറി സംഘം?

A) ലണ്ടൻ മിഷൻ B) ചർച്ച് മിഷൻ

C) സാൽവേഷൻ ആർമി D) ബാസൽ ഇവാഞ്ചലിക്കൽ മിഷൻ

116. സമുദായപരിഷ്കരണം ലക്ഷ്യംവച്ച് വാലസമുദായ പരിഷ്കരണസഭ സ്ഥാപിച്ച നേതാവ്?

A) പണ്ഡിറ്റ് കെ.പി.കറുപ്പൻ B) അയ്യങ്കാളി

C) കെ.പി.വള്ളോൻ D) പി.കെ.ഡീവർ

117. പാശ്ചാത്യ ചിത്രരചനാരീതി സ്വീകരിച്ചും ഭാരതീയ പൗരാണിക വിഷയങ്ങൾ കണ്ടെത്തിയും കലാചരിത്രത്തിൽ പുതിയ അധ്യായം കുറിച്ച ചിത്രകാരൻ?

A) തിയോഡർ ജെൻസൺ B) രാജാ രവിവർമ്മ

C) കെ.സി.എസ്.പണിക്കർ D) പി.ജെ.ചെറിയാൻ

118. ‘സംഗീതചന്ദ്രിക’ എന്ന വൈജ്ഞാനിക ഗ്രന്ഥത്തിന്റെ കർത്താവ്?

A) ഞരളത്ത് രാമപ്പൊതുവാൾ B) കെ.സി.കേശവപിള്ള

C) ആറ്റൂർ കൃഷ്ണപിഷാരടി D) എം.സി.രാമനാഥൻ

119. സാഹിത്യപ്രവർത്തക സഹകരണസംഘം പ്രസിദ്ധീകരിച്ച ആദ്യത്തെ പുസ്തകം ഏത്?

A) തകഴിയുടെ കഥകൾ B) ചെമ്മീൻ

C) മീൻകാരി D) ബാല്യകാലസഖി

120. കേരള സാഹിത്യ അക്കാദമിയുടെ സ്ഥാപക പ്രസിഡന്റ്?

A) മഹാകവി വള്ളത്തോൾ B) സർദാർ കെ.എം.പണിക്കർ

C) ജോസഫ് മുണ്ടശ്ശേരി D) പുത്തേഴത്തു രാമൻമേനോൻ

*******************